(ഇ) ഇവരിൽ ആരെയെങ്കിലും സർവീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടുണ്ടോ?

ഉത്തരം

(എ) 24-2-1999-ൽ.

(ബി) 1997-98. 1998-99.

(സി) പഞ്ചായത്ത് ഫണ്ട് ദുർവിനിയോഗം ചെയ്യുകയോ അപഹരിക്കുകയോ ചെയ്തിട്ടുണ്ടോയെന്ന്.

(ഡി) ശ്രീ. സി.എ. ഗോപികൃഷ്ണൻ (സെക്രട്ടറി)
ശ്രീ. എ.കെ. ജയപ്രകാശ് (യു.ഡി. ക്ലാർക്ക്)
ശ്രീ. ജേക്കബ് എം. തുണ്ടാൻ (യു.ഡി. ക്ലാർക്ക്)

(ഇ) ഇല്ല.

117 (2273) കീഴുപറമ്പ് പഞ്ചായത്തിലെ ക്രമക്കേടുകൾ

ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കീഴുപറമ്പ് പഞ്ചായത്ത് സെക്രട്ടറിയുടെ ചാർജ്ജ് വഹിച്ചിരുന്ന ശ്രീ. വേലായുധൻ നടത്തിയ സാമ്പത്തിക ക്രമക്കേടുകളെക്കുറിച്ച് പഞ്ചായത്ത് പ്രസിഡന്റിൽ നിന്നും മലപ്പുറം ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് പരാതി ലഭിച്ചിരുന്നുവോ;

(ബി) എങ്കിൽ എന്നാണെന്ന് അറിയിക്കുമോ;

(സി) പരാതിയിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഇ) പരാതിയിൽ അന്വേഷണം നടത്തുമോ; വിശദവിവരം വ്യക്തമാക്കുമോ?

ഉത്തരം

(എ) ലഭിച്ചിരുന്നു.

(ബി) 4-1-2000-ൽ.

(സി),(ഡി)&(ഇ) അന്വേഷണത്തിന് പെർഫോർമൻസ് ആഡിറ്റ് ടീമിനെ ചുമതലപ്പെടുത്തിയിരിക്കുന്നു.

118 (2274) പറപ്പൂർ ഗ്രാമപഞ്ചായത്തിലെ അഴിമതി

ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ പറപ്പൂർ ഗ്രാമപഞ്ചായത്തിലെ ജനകീയാസൂത്രണ നടത്തിപ്പിൽ അഴിമതി നടന്നതായുള്ള പരാതികളെപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly